"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സെക്രട്ടറിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഭരണം-എ) വകുപ്പ്**

സ.ഉ(സാധാ) നം.7521/2019/ധന　　　　തിരുവനന്തപുരം, തീയതി 25.09.2019.

പരാമർശം: 1) 07.11.2018 ലെ സ.ഉ (പി) നം.172/2018/ധന.

2) 06.05.2019- ലെ സ.ഉ (പി) നം. 56/2019/ധന.

3) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി ചെയർമാന്റെ അ.ഔ കത്ത് നം.1/സിആർപിസി/2018.

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിന് പരാമർശം (1) പ്രകാരം സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ഈ വിഷയത്തിൽ കൂടുതൽ പരിശോധനകൾ ആവശ്യമായതിനാലും ഇതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിന് ആറുമാസ സമയമെന്നത് വളരെ ചെറിയ കാലയളവായതിനാലും പങ്കാളിത്ത പെൻഷൻ പദ്ധതി പുന : പരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി ആറുമാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കിക്കൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചു. സമിതിയുടെ പ്രധാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കമ്മിറ്റിയുടെ സെക്രട്ടറിയായി ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഒരു ഓഫീസറെ ചുമതലപ്പെടുത്തണമെന്ന് സമിതി ചെയർമാൻ സർക്കാരിന് മുന്നിൽ ആവശ്യമുന്നയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി **ശ്രീമതി. ലക്ഷ്മി രഘുനാഥൻ** (പെൻ:100499) -നെ ധനകാര്യവകുപ്പിലെ ചുമതലകളിൽ നിന്ന് വിടുതൽ ചെയ്തുകൊണ്ട് **പങ്കാളിത്ത പെൻഷൻ പദ്ധതി**

പുന:പരിശോധനാ സമിതിയുടെ സെക്രട്ടറിയായി ഉടൻ പ്രാബല്യത്തോടെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**മിനി വി.ആർ**
**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ശ്രീ. എസ്. സതീഷ് ചന്ദ്രബാബു. ജില്ലാ ജഡ്ജി (റിട്ട.)(സമിതി ചെയർമാൻ)

ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.) (സമിതി അംഗം).

പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി. ഐ. എഫ്. ടി, തിരുവനന്തപുരം (സമിതി അംഗം).

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

ശ്രീ. അജിത് എസ്. സ്പെഷ്യൽ ഓഫീസർ, പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി.

ധനകാര്യ (പെൻഷൻ-എ/എൻ..പി.എസ്/ ഭരണം-ബി/സി, അക്കൗണ്ട്സ് എ/ബി, രഹസ്യം) വകുപ്പ്.

പൊതുഭരണ (അറ്റന്റൻസ് മോണിറ്ററിംഗ് സെൽ) വകുപ്പ്.

നോഡൽ ഓഫീസർ, www.finance kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ